**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിലെ ക്ലർക്ക്, ശ്രീമതി. ഷൈനി.കെ.എൽ., ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1081/2024 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.200/2025/F&WLD തീയതി,തിരുവനന്തപുരം, 27-05-2025**

പരാമർശം:-
1. OA(EKM) No.1081/2024 നമ്പർ കേസിലെ 12.08.2024 - ലെ ഉത്തരവ്.
2. ശ്രീമതി.ഷൈനി കെ.എൽ സമർപ്പിച്ച 30.08.2024- ലെ അപ്പീൽ അപേക്ഷ.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05.03.2025 -ലെ ഇ3-7349/2024 നമ്പർ കത്ത്.
4. തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25.04.2025 - ലെ KFDCC/1171/2024-E2 നമ്പർ കത്ത്.

**ഉത്തരവ്**

വാഴച്ചാൽ ഡിവിഷനിലേയ്ക്ക് സ്ഥലമാറ്റം നൽകിയ നടപടിക്കെതിരെ വനം വകുപ്പിലെ ക്ലാർക്കായ ശ്രീമതി.ഷൈനി.കെ.എൽ. ഫയൽ ചെയ്ത OA(EKM) 1081/2024 നമ്പർ കേസിൽ അപേക്ഷകയോടു സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാനും, അപ്പീൽ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ അപേക്ഷകയെയും എതിർ കക്ഷികളെയും ട്രാൻസ്ഫർ ബാധിക്കാൻ ഇടയുള്ള കക്ഷികളെയും, നേരിൽ കേട്ടതിനു ശേഷം ഉത്തരവ് പുറപ്പെടുവിക്കാൻ പരാമർശം (1) പ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

2. ശ്രീമതി.ഷൈനി.കെ.എൽ. പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ, തൃശ്ശൂർ സി സി എഫ് സെൻട്രൽ സർക്കിൾ ഓഫീസിലോ റിസോഴ്സ് സർവേ സെൽ ഓഫീസിലോ നിയമനം നല്കണം എന്നാണ് ആവശ്യപ്പെട്ടിരുന്നത്. തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 23.09.2024 ലെ 32/2024 നമ്പർ സേവന ഉത്തരവിൽ, OA(EKM) 1081/2024 നമ്പർ കേസ്സിൽ വനം വകുപ്പ് സെക്രട്ടറിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി എന്ന് രേഖപ്പെടുത്തി താമസ സ്ഥലത്തു നിന്നും ഏറ്റവും അടുത്തുള്ള തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലേക്ക് ടിയാൾക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളതായും, അതുവഴി ജീവനക്കാരിയുടെ പരാതി പരിഹരിച്ചതിനാൽ, ടിയാൾ സമർപ്പിച്ച അപ്പീൽ അപേക്ഷ പുനഃപരിശോധിക്കേണ്ടതില്ലായെന്നും, ആയത് തീർപ്പാക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിരുന്നു.

3. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദേശ പ്രകാരം അപേക്ഷകയെ 09.04.2025 -ന് നേരിൽ കേൾക്കുകയുണ്ടായി. റിസോഴ്സ് സർവ്വേസെൽ ഓഫീസിലേയ്ക്ക് സ്ഥലംമാറ്റത്തിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കാതെയാണ് തന്നെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ ഡിവിഷണൽ ഓഫീസിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളത് എന്നും പൊതു സ്ഥലംമാറ്റം മുഖേന ഒന്നാമത്തെ ഓപ്ഷൻ പ്രകാരമുള്ള ഓഫീസിലേക്ക് സ്ഥലംമാറ്റം ലഭിക്കുകയും ജോലിയിൽ പ്രവേശിച്ചതിനുശേഷം രണ്ടാമത് സ്ഥലംമാറ്റം അപേക്ഷിക്കാത്ത ജീവനക്കാരിയെയാണ് റിസോഴ്സ് സർവ്വേസെൽ ഓഫീസിലേക്ക് സ്ഥലംമാറ്റിയിട്ടുള്ളതെന്നും നിലവിലെ ആരോഗ്യ സ്ഥിതി കണക്കിലെടുത്തു താഴ്ന്ന നിലയിൽ പ്രവർത്തിക്കുന്ന റിസോഴ്സ് സർവ്വേസെൽ ഓഫീസിലേക്കോ തൃശ്ശൂർ സോഷ്യൽ ഫോറസ്റ്ററി ഡിവിഷനിലോ നിയമനം നൽകണം എന്ന് ഹിയറിങ്ങിൽ അപേക്ഷക ആവശ്യപെടുകയുണ്ടായി.

4. ശ്രീമതി.ഷൈനി.കെ.എൽ., 2019 മുതൽ സോഷ്യൽ ഫോറസ്റ്ററി ഡിവിഷനിൽ ആണ് ജോലി നോക്കിയിരുന്നത്. 29.02.2024 - ലെ E3-6078/2023 നമ്പർ സർക്കുലർ പ്രകാരമാണ് പൊതുസ്ഥലം മാറ്റത്തിനു വനം വകുപ്പിൽ അപേക്ഷ ക്ഷണിച്ചിരുന്നത്. ഓൺലൈൻ മുഖേന നടത്തിയ പൊതു സ്ഥലംമാറ്റ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ് വാഴച്ചാൽ ഡിവിഷനിലേയ്ക്ക് സ്ഥലംമാറ്റിയത്. 09.05.2024 -ലെ അപേക്ഷയിൽ തൃശ്ശൂർ ഡിവിഷനൽ ഫോറസ്റ്റ് ഓഫീസിൽ നിയമനം അപേക്ഷക ആവശ്യപെട്ടിട്ടുണ്ട്. 24.09.2024 ൽ ഇറങ്ങിയ ട്രാൻസ്ഫർ ഉത്തരവിൽ അപേക്ഷകയെ തൃശ്ശൂർ ഡിവിഷണൽ ഓഫീസിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുണ്ട്. തൃശ്ശൂർ ഡിവിഷനിലെ ശ്രീ.സാന്റോ സി.ഡി.-യെ സ്ഥലം മാറ്റേണ്ടത് അത്യന്താപേക്ഷിതമാകയാൽ, തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷനിലേക്ക് സ്ഥലം മാറ്റിയതിനാൽ ആണ് ശ്രീമതി ബിനു -വിനു റിസോഴ്സ് സർവേ സെല്ലിൽ നിയമനം നൽകിയിട്ടുള്ളത്.

5. സർക്കാർ പരാമർശം (3), (4) റിപ്പോർട്ടുകളുടെ കൂടി അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി ഷൈനിയുടെ അപ്പീൽ അപേക്ഷ പരിഗണിച്ചു, ടിയാന്റെ ആരോഗ്യ സ്ഥിതി സംബന്ധിച്ച മെഡിക്കൽ രേഖകളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ഡിവിഷൻ ഓഫീസിൽ ജോലി ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകും എന്ന് ബോധ്യപ്പെടുന്ന പക്ഷം, റിട്ടയർ ചെയ്യാൻ രണ്ടു വർഷം മാത്രമാണ് ബാക്കിയുള്ളത് എന്നത് കൂടി കണക്കിലെടുത്തും, ശ്രീമതി ബിനു പി.എസ് -നെ കൂടി നേരിൽ കേട്ടതിനു ശേഷം, ശ്രീമതി ഷൈനിയെ റിസോഴ്സ് സർവ്വെസെൽ ഓഫീസിൽ നിയമനം നല്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കാൻ തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നല്കികൊണ്ട് പരാമർശം (2) ലെ അപ്പീൽ അപേക്ഷ തീർപ്പാക്കി കൊണ്ട് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) ലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം.
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,സെൻട്രൽ സർക്കിൾ,തൃശ്ശൂർ.
ശ്രീമതി.ഷൈനി.കെ.എൽ.,ക്ലാർക്ക്,ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,തൃശ്ശൂർ.

അഡ്വക്കേറ്റ് ജനറൽ,എറണാകുളം(ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള,തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 27-05-2025 16:17:17